# പതിനൊന്നാം സമ്മേളനം

## (2018 ജൂൺ 04 മുതൽ ജൂൺ 25 വരെ)

### (1) ചട്ടങ്ങൾ രൂപീകരിക്കൽ

2018 ജൂൺ മാസം 18-ാം തീയതി നിയമനിർമ്മാണകാര്യം പരിഗണിക്കുന്നതിന് മുമ്പായി, 2011-ൽ സംസ്ഥാനത്ത് നിലവിൽ വന്ന കേരള പോലീസ് ആക്ട് ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ നാളിതുവരെ രൂപീകരിച്ചിട്ടില്ലെന്നും എസ്റ്റാബ്ലിഷ്മെന്റ് ബോർഡ് രൂപീകരിക്കുന്നതുൾപ്പെടെയുള്ള വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ചട്ടങ്ങൾ അനിവാര്യമായതിനാൽ കേരള പോലീസ് ആക്ടിന് ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നും ഒരംഗം ക്രമപ്രശ്നം ഉന്നയിക്കുകയുണ്ടായി.

കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് നിലവിൽ വന്ന 2011-ലെ കേരള പോലീസ് ആക്ടിന് ചട്ടങ്ങൾ രൂപീകരിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവിയുടെ കീഴിൽ ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിരുന്നുവെങ്കിലും അതിനുശേഷം വന്ന യു.ഡി.എഫ്. ഭരണത്തിൽ സമിതിയുടെ പ്രവർത്തനം ഫലപ്രദമായിരുന്നില്ലെന്നും നിയമസഭാ സമിതിയുടെ

ശിപാർശകൾ കണക്കിലെടുത്ത് പോലീസ് ആക്ടിന് അനുസൃതമായ ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള കരട് ചട്ടം ഇപ്പോൾ നിയമ വകുപ്പിന്റെ പരിശോധനയിലാണെന്നും നിയമസഭ പാസ്സാക്കിയ വിവിധ ആക്ടുകൾക്ക് അനുസൃതമായ ചട്ടങ്ങൾ രൂപീകരിക്കുന്നതിലുണ്ടാകുന്ന കാലതാമസം സംബന്ധിച്ച് 28-05-2018-ൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി യോഗം ചേർന്ന് വിലയിരുത്തൽ നടത്തുകയും ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടി എത്രയും വേഗം പൂർത്തീകരിക്കണമെന്നും ബില്ലുകൾ തയ്യാറാക്കുമ്പോൾത്തന്നെ ചട്ടങ്ങൾ രൂപീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മുഖ്യമന്ത്രി വിശദീകരണം നൽകുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി.*

" 2011 ജനുവരി 3-ന് സഭ പാസ്സാക്കുകയും ജനുവരി 29-ന് നിലവിൽ വരികയും ചെയ്ത 2011-ലെ കേരള പോലീസ് ആക്ടിന് 7 വർഷം കഴിഞ്ഞിട്ടും ചട്ടങ്ങൾക്ക് രൂപം നൽകാനായിട്ടില്ലെന്ന പ്രസക്തമായ കാര്യമാണ് ക്രമപ്രശ്നത്തിൽ ഉന്നയിച്ചത്. കേരള പോലീസ് ആക്ട് പ്രകാരം രൂപീകരിക്കേണ്ട ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിലുണ്ടായ കാലതാമസത്തിന്റെ കാരണങ്ങളും സഭ നിർമ്മിക്കുന്ന നിയമങ്ങൾക്കനുസൃതമായ ചട്ടങ്ങൾ

* XIV KLA/XI Session Vol.172 Report No.8 dated 18-6-2018

രൂപീകരിക്കുന്നതിലുള്ള കാലതാമസം സംബന്ധിച്ചും സഭയിൽ ആവർത്തിച്ചുവന്ന ക്രമപ്രശ്നങ്ങളുടെയും അതിന്മേൽ ചെയറിൽ നിന്നുള്ള റൂളിംഗിന്റെയും അടിസ്ഥാനത്തിൽ ഗവൺമെന്റ് സെക്രട്ടറിമാരുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും യോഗം ചേർന്ന് സർക്കാർ പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതും സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിശദീകരിക്കുകയുണ്ടായി. പ്രസ്തുത സംവിധാനം കൂടുതൽ ശക്തിപ്പെടുത്തി ഇക്കാര്യത്തിൽ ശാശ്വത പരിഹാരം കണ്ടെത്തണമെന്ന് ചെയർ റൂൾ ചെയ്യുന്നു. 2011-ലെ കേരള പോലീസ് ആക്ട് പ്രകാരമുള്ള ചട്ടങ്ങൾ സമയബന്ധിതമായി പുറപ്പെടുവിക്കുന്നതാണെന്ന് ബഹു. മുഖ്യമന്ത്രി ഉറപ്പ് നൽകിയ സാഹചര്യത്തിൽ പ്രശ്നം പരിഹരിക്കപ്പെട്ടിരിക്കുന്നു" .